# ഒരു സഭയുടെ സംഖ്യാപരമായ വളർച്ചയിൽ മതിപ്പുള്ളവരാകരുത്

സാക് പുന്നൻ

WFTW 13 ഏപ്രിൽ 2014

ഒരു സഭ ആത്മീയമായി വളരുന്നില്ല എങ്കിൽ അതിന്റെ സംഖ്യാപരമായ വളർച്ചയിൽ ദൈവത്തിന് മതിപ്പുളവാകുന്നില്ല. പൌലൊസ് കൊരിന്തിലുള്ള ക്രിസ്ത്യാനികളോട് പറഞ്ഞു അവരുടെ ജഡികാവസ്ഥയിലൂടെ ദൈവം അവനെ താഴ്ത്തുവാൻ ഇടയാക്കും എന്ന് (2 കൊരി. 12: 20,21 വായിക്കുക). എന്തുകൊണ്ടാണ് പൌലൊസ് കൊരിന്ത്യരുടെ ജഡികാവസ്ഥയിൽ അവമാനിക്കപ്പെടുന്നത്? കാരണം പൌലൊസ് അവരുടെ ആത്മീയ പിതാവാണ്. ദൈവം പിതാക്കന്മാരെയാണ് അവരുടെ കുഞ്ഞുങ്ങളുടെ ആത്മീയ അവസ്ഥയ്ക്ക് ഉത്തരവദികളാക്കിയിരിക്കുന്നത്. നാം നമ്മുടെ കൂടിവരവുകളിൽ ജഡികാവസഥ കാണുമ്പോൾ, ദൈവം നമ്മെ, നേതാവെന്ന നിലയിലുള്ള നമ്മുടെ പരാജയത്തെ കാണിക്കുകയാണ്. അപ്പോൾ സഹോദരീ സഹോദരന്മാരെ കുറ്റപ്പെടുത്തുന്നതിനു പകരം, നമ്മെ തന്നെയാണ് നാം താഴ്ത്തേണ്ടത്. നമ്മുടെ കുഞ്ഞുങ്ങളിൽ ലോകമയത്വം കാണുമ്പോൾ, പിതാക്കന്മാരെന്ന നിലയിൽ നമ്മുടെ പരാജയം ദൈവം നമ്മെ കാണിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ കുറ്റപ്പെടുത്തുന്നതിനു പകരം നാം നമ്മെത്തന്നെ താഴ്ത്തണം. നാം കൂലിക്കാരാണെങ്കിൽ നാം നമ്മുടെ സഹോദരി സഹോദരന്മാരുടെ തോൽവികളെ കാണുമ്പോൾ അവരെ കുറ്റപ്പെടുത്തും. എന്നാൽ നാം ദൈവമനുഷ്യരാണെങ്കിൽ നാം നമ്മെത്തന്നെ താഴ്ത്തിയിട്ട് പറയും “കർത്താവേ ഞാൻ പരാജയപ്പെട്ടു എന്നോട് ക്ഷമിക്കണമേ.’’

താൻ ക്രിസ്തുവിങ്കലേക്ക് കൊണ്ടുവന്ന “ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന് പ്രസാദമായി തീരണം’’ (റോമ. 15:15)എന്ന വലിയ ഒരു ഭാരം പൌലൊസിനുണ്ടായിരുന്നു. പഴയ ഉടമ്പടിയുടെ കീഴിൽ, ജനങ്ങൾ കൊണ്ടുവരുന്ന ഓരോ വഴിപാടും ഊനമില്ലാത്തതാണ് എന്നു കാണുവാൻ പുരോഹിതൻ അതിനെ പിരശോധിക്കേണ്ടിയിരുന്നു (ആവ. 17:1).അത് പുരോഹിതന്റെ ഉത്തരവാദിത്തം ആയിരുന്നു. ഏതു വിധത്തിലെങ്കിലും ഊനമുള്ള ഒന്നിനെയും ദൈവത്തിന് അർപ്പിക്കുവാൻ അവന് കഴിയുമായിരുന്നില്ല (അത് ദൈവത്തിന്റെ ദൃഷ്ടിയിൽ എത്ര ഗൌരവമുള്ള ഒരു പാപമായിരുന്നു എന്നു മനസ്സിലാക്കുവാൻ മലാഖി ഒന്നും രണ്ടും അദ്ധ്യായങ്ങൾ വായിക്കുക). ഇന്ന് പുതിയ ഉടമ്പടിയുടെ കീഴിലും, കർത്താവ് സഭയിൽ തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുന്ന ഏവർക്കും ഇതേ കർത്തവ്യം തന്നെയാണുള്ളത്. അവർ ദൈവത്തിന്റെ മുമ്പിൽ കാഴ്ച വയ്ക്കുന്ന ആളുകളെല്ലാം അവന് സ്വീകാര്യമായിരിക്കണം. അതുകൊണ്ടാണ് പൌലൊസ് ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിനാണ് (കൊലൊ. 1:28) അദ്ധ്വാനിച്ചത്.

ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ എല്ലാം വെളിപ്പെട്ടുവരും. ആ ദിവസം നമ്മുടെ എല്ലാ പ്രവൃത്തികളും ആഴം കുറഞ്ഞതും ജഡികവുമായിരുന്നു എന്ന് കാണപ്പെടുമെങ്കിൽ ഇന്ന് നാം ദൈവത്തിനു വേണ്ടി വലിയ പ്രവൃത്തി ചെയ്യുകയാണ് എന്ന് എല്ലാവരും ചിന്തിച്ചാലും അതുകൊണ്ട് നമുക്ക് എന്തു പ്രയോജനമാണ് ഉണ്ടാകുവാൻ പോകുന്നത്? സർദ്ദീസിലെ മൂപ്പൻ മനുഷ്യന്റെ മാനം കൊണ്ട് തൃപ്തനാകുവാൻ തക്കവണ്ണം വിഡ്ഢിയായിരുന്നു. നാം നമ്മുടെ കുഞ്ഞുങ്ങളിലൂടെ നമുക്കു തന്നെ ഒരു പേര് സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നുണ്ടോ? അവർക്ക് അവരുടെ ജീവിതത്തിൽ എല്ലാം നന്നായി പോകുന്നുണ്ടാകും.അതിനുവേണ്ടി ദൈവത്ത സ്തുതിക്കുക. എന്നാൽ ആ കാര്യം എല്ലാവരും ശ്രദ്ധിക്കണമെന്നും അതിന്റെ ഫലമായി നമുക്കു തന്നെ ഒരു മഹത്വം ലഭിക്കണമെന്നും നമുക്കാഗ്രഹമുണ്ടോ? നാം എത്ര നല്ല പിതാക്കന്മാരായിരിക്കുന്നു എന്നു മറ്റുള്ളവർ അറിയാൻ നമുക്കു താൽപര്യമുണ്ടോ? നാം നമ്മുടെ കുഞ്ഞുങ്ങളെ വളർത്തികൊണ്ടുവരുന്നത് നമ്മുടെ സ്വന്തം മഹത്വത്തിനു വേണ്ടിയാണോ അതോ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടിയോ? ദൈവം അതു കണ്ടാൽ പോരായോ? ദൈവം അതു കണ്ടിട്ടുണ്ടെങ്കിൽ പിന്നെ നാം ഏതെങ്കിലും മനുഷ്യന്റെ അംഗീകാരം എന്തിനാണ് ആഗ്രഹിക്കുന്നത്? നമ്മുടെ മകൻ ലൌകീകരാണെന്ന് മറ്റുള്ളവർ വിചാരിക്കുന്നെങ്കിലും നമുക്ക് എന്തു കാര്യം? ആത്യന്തികമായി നാം നമ്മെപ്പിറ്റിയും നമ്മുടെ സഭയെപ്പറ്റിയും പരമാർത്ഥമായ ഒരു മൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതാണ് നല്ലത്.

നമ്മുടെ അദ്ധ്വാനത്തിന്റെ ഫലം മറ്റുള്ളവരെ കാണിക്കാനുള്ള ഒരു വലിയ മോഹം നമ്മുടെ ജഡത്തിൽ ഉണ്ട്. ആ മോഹത്തെ നാം മരണത്തിനേല്പിച്ചില്ലെങ്കിൽ, പിശാച് എപ്പോഴും നമ്മെകൊണ്ട് മുതലെടുക്കും. ഏതെങ്കിലും മൂപ്പന്റെ ഹൃദയത്തിൽ തനിക്കുവേണ്ടി ഒരു പേരുണ്ടാക്കാനുള്ള ഏറ്റവും ചെറിയ ആഗ്രഹംപോലും എവിടെയെല്ലാം പിശാച് കാണുന്നുണ്ടോ അവിടെയെല്ലാം പശാച് മുതലെടുക്കും. അയാൾ ശിഷ്യത്വത്തെക്കുറിച്ചും, വിശുദ്ധിയെക്കുറിച്ചും, ക്രിസ്തുവിന്റെ ശരീരത്തെക്കുറിച്ചും പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ആളാണെങ്കിൽപോലും. പിശാച് അയാളെ വഞ്ചിക്കും. അങ്ങനെയുള്ള ഒരു മൂപ്പനു പണിയാൻ കഴിയുന്നത് ബാബിലോണിന്റെ മറ്റൊരു ശാഖാ സഭയായിരിക്കും.

നാം നമുക്കുവേണ്ടി തന്നെ ഒരു പേര് അന്വേഷിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ക്രിസ്തുവിന്റെ ശരീരം പണിയുക എന്നത് അസാധ്യമാണ്. മനുഷ്യരുടെ ഇടയിലുള്ള പേരിനോ പ്രശസ്തിക്കോ ഒരു ആഗ്രഹവും ഇല്ലാത്ത ഒരാളാണ് ഒരു പുതിയ ഉടമ്പടി സഭ പണിയുവാൻ കഴിയുന്ന ഏക വ്യക്തി. ഇടുക്കുവാതിൽ സൂചിക്കുഴയെക്കാൾ വിശാലമാക്കാത്തതു മൂലം, അനേക വർഷത്തെ പ്രവർത്തനത്തിനു ശേഷവും പൂർണ്ണഹൃദയരായ മൂന്നു ശിഷ്യത്താർ മാത്രമെ നിങ്ങളുടെ സഭയിലുള്ളു എങ്കിലും, ആ കാര്യത്തിൽ നിങ്ങൾ ലജ്ജിതരാകേണ്ട ആവശ്യമില്ല. ഒരു ദിവസം ദൈവം നിങ്ങളോടു പറയും “നല്ലവനും വിശ്വസ്തനുമായ ദാസനെ, നീ നന്നായി ചെയ്തു.’’

ഒരു പട്ടണത്തിൽ കർത്താവിന്റെ നാമം തങ്ങളിലൂടെ ദുഷിക്കപ്പെടുന്ന 3000 ഒത്തുതീർപ്പുകാർ ഉണ്ടായിരിക്കുന്നതിനെക്കാൾ ഏറെ നല്ലത്, ക്രിസ്തുവിനുവേണ്ടി നിർമ്മല സാക്ഷ്യമുള്ള മൂന്നു ശിഷ്യത്താർ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ അംഗസംഖ്യ ചെറുതാകുമ്പോൾ, മെച്ചമായ സ്ഥിതി വിവരകണക്കുകൾകൊണ്ട് മറ്റുള്ളവരിൽ മതിപ്പുളവാക്കാൻ വേണ്ടി നമ്മുടെ നിലവാരം താഴ്ത്തുവാൻ ശക്തമായി പ്രലോഭിപ്പിക്കപ്പെടാനുള്ള സാധ്യത ഉണ്ട്. അ മോഹത്തോട് പോരാടിയില്ലെങ്കിൽ, നാം സർദ്ദീസിലെ മൂപ്പനെപ്പോലെ ആയിത്തീരും.

എന്നിരുന്നാലും ഈ വാക്കുകളിൽ ഒരു വ്യാജ ആശ്വാസം കണ്ടെത്തുന്ന നേതാക്കന്മാർക്ക് ഞാൻ ഇവിടെ ഒരു മുന്നറിയിപ്പു കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കുന്നു: നിങ്ങളുടെ സഭ എണ്ണത്തിൽ വളരാത്തതിന്റെ കാരണം ഇതായിരിക്കാം. ആവശ്യത്തിലിരിക്കുന്നവർക്ക് നിങ്ങളുടെ സഭയെ ശുപാർശ ചെയ്യുവാൻ ദൈവത്തിനു തന്നെ കഴിയുന്നില്ല! കർത്താവാണ് സഭയോട് ചേർക്കുന്നത് (അപ്പൊ. പ്ര. 2:47). ആദ്യ നാളുകളിൽ വലിയ കൂട്ടം ആളുകളെ അവിടുന്നു സഭയോട് ചേർത്തു (അപ്പൊ. പ്ര. 6:7).

ഇങ്ങനെ പ്രാർത്ഥിക്കുന്നത് നിങ്ങൾക്ക് നല്ലതായിരിക്കാം: “കർത്താവേ ഒത്തുതീർപ്പുകാരായ ഒരു പുരുഷാരത്തെകൊണ്ട് ഞങ്ങളുടെ സഭയിൽ അംഗസംഖ്യ വർദ്ധിപ്പിക്കണമെന്നല്ല അങ്ങയോട് ഞങ്ങൾ ചോദിക്കുന്നത്. എന്നാൽ ഈ പട്ടണത്തിൽ ദൈവഭക്തിയുള്ള ഒരു ജിവിതം ജീവിക്കുന്നതിന് ആഗ്രഹിക്കുന്ന എല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ ഈ മൂന്നു കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് അവിടുന്ന് ചെയ്യണമേ.1) ഞങ്ങൾക്ക് അവരെ സഹായിക്കാൻ കഴിയേണ്ടതിന് അവരെ ഞങ്ങളുടെ അടുത്തേക്ക് നയിക്കണമെ. അല്ലെങ്കിൽ (2) ഞങ്ങളെ അവരുടെ അടുത്തേക്ക് നയിക്കണമെ. അല്ലെങ്കിൽ (3) അങ്ങേക്ക് അവരെ ഞങ്ങളുടെ അടുത്തേക്ക് ശുപാർശ ചെയ്യാൻ പറ്റാത്തത് എന്തുകൊണ്ടാണ് എന്ന് ഞങ്ങൾക്കു കാണിച്ചു തരണമെ.’’

മറ്റുള്ളവർക്കു നിങ്ങളുടെ സഭ തനിക്ക് ശുപാർശ ചെയ്യാൻ കഴിയാത്തതിനു കാരണം അപ്പോൾ കർത്താവു നിങ്ങളോടു പറയും: നിങ്ങളുടെ സഭ നിയമത്തിനടിമപ്പെട്ടതും, തണുപ്പുള്ളതും, പരീശത്വം ഉള്ളതുമാണ്. നിങ്ങളുടെ സഭ അങ്ങനെ ആകാനുള്ള കാരണം നിങ്ങൾ ഒരു മൂപ്പനെന്ന നിലയിൽ അങ്ങനെയാണ് - ഇങ്ങനെ അവിടുന്നു നിങ്ങളോടു പറഞ്ഞേക്കാം.

(മൊഴിമാറ്റം: സാജു ജോസഫ്)